(സി, ഡി) ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അന്ന് നിലവിലുണ്ടായിരുന്ന 3 ഡിപ്പോ മാനേജർമാരെ സ്ഥിരപ്പെടുത്തിയത്. ഇക്കാര്യത്തിൽ കോടതി വിധി ലംഘനം നടത്തിയിട്ടില്ല.

സഹകരണസംഘം ജീവനക്കാർക്ക് നീതി ലഭിക്കാൻ അടിയന്തിര നടപടി

96 [4975] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ പ്രേരിതവും വ്യക്തിവൈരാഗ്യവും നിമിത്തവും പല പ്രാഥമിക സഹകരണസംഘം ഭരണസമിതികളും ജീവനക്കാർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഇത്തരത്തിലുള്ള എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; വിശദവിവരം വെളിപ്പെടുത്താമോ;

(സി) അന്യായമായി സംഘം ജീവനക്കാർക്കെതിരെ ഇത്തരം നടപടി സ്വീകരിക്കുന്ന ഭരണസമിതികളുടെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിക്കുമോ; ജീവനക്കാർക്ക് നീതി ലഭിക്കുവാൻ അടിയന്തിരനടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. കൊല്ലം ജില്ലയിൽ രണ്ട് പരാതി ലഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ തെക്കുംഭാഗം സർവ്വീസ് സഹകരണ ബാങ്ക് 1731-ൽ ഇന്റേണൽ ആഡിറ്ററായ ശ്രീ. വൈ. വിൻസെന്റിനെ ഭരണസമിതി വ്യക്തിവൈരാഗ്യത്തിന്റെ പേരിൽ സസ്പെൻഡ് ചെയ്യാൻ പോകുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. കരീപ്ര സർവ്വീസ് സഹകരണ ബാങ്കിലെ ചീഫ് അക്കൗണ്ടന്റായ ശ്രീമതി സാവിത്രിയമ്മയെ വ്യക്തിവൈരാഗ്യത്തിന്റെ പേരിൽ ബാങ്ക് ഭരണസമിതി പീഡിപ്പിക്കുന്നതായി പരാതി നൽകിയിട്ടുണ്ട്.

(സി) കൊല്ലം ജില്ലയിലെ പരാതികളെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

(3) വൈകി കിട്ടിയ ഉത്തരങ്ങൾ

ജിന്നിലൊപ്പുവച്ച പുതിയ വ്യവസായങ്ങൾ

97 [4846] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, പി. നാരായണൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിന്നിലൊപ്പുവച്ചതും തുടങ്ങിവച്ചതുമായ പുതിയ വ്യവസായങ്ങൾ ആരംഭിച്ചതുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായങ്ങൾ നൽകുന്നതിനുമായി വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly